പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5341 15.11.2019-ലെ മറുപടിക്ക്

**<u>കെ.എസ്.ആർ.ടി.സി. യിൽ നിന്നുള്ള മരണാനന്തരാനുകൂല്യങ്ങൾ</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അനിൽ അക്കര | | ശ്രീ. എ.കെ.ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. ആറ്റിങ്ങൽ ഡിപ്പോയിൽ ഡ്രൈവറായിരുന്ന എസ്. ഷിജു എന്നയാൾ ഡ്യൂട്ടിക്കിടെ മരണപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് വെളിപ്പെടുത്തുമോ; | (എ) | ഉണ്ട്. 17.12.2018 തീയതിയിലാണ് മരണപ്പെട്ടത്. |
| (ബി) | ടിയാന്റെ ഏതെല്ലാം ആനുകൂല്യങ്ങളാണ് നാളിതു വരെ അവകാശികൾക്ക് നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) | ടിയാന്റെ ഭാര്യ, ശ്രീമതി സുബിതാമോൾ. എസ്.ആർ.ന് ഫാമിലി പെൻഷൻ അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ PF Closure ആയി 82,476/- രൂപ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | ഇനി ഏതെല്ലാം ആനുകൂല്യങ്ങൾ നൽകുവാനുണ്ടെന്നും അവ എന്നത്തേക്ക് വിതരണം ചെയ്യുമെന്നും ഇനം തിരിച്ച് വെളിപ്പെടുത്തുമോ; | (സി) | DCRG നൽകുവാനുണ്ട്. DCRG അനുവദിക്കുന്നതിനുള്ള രേഖകൾ പൂർണ്ണമായും ലഭ്യമായാൽ ആയത് അനുവദിച്ച് നൽകുന്നതാണ്. പെൻഷൻ കുടിശ്ശിക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | ഇത് സംബന്ധിച്ചുള്ള ഫയലുകൾ ഏതെല്ലാം ഓഫീസുകളിൽ നിലവിലുണ്ടെന്നും അവയുടെ നിലവിലെ അവസ്ഥയും വിശദീകരിക്കുമോ; | (ഡി) | ചീഫ് ഓഫീസ്, ആറ്റിങ്ങൽ യൂണിറ്റ് എന്നിവിടങ്ങളിൽ ഫയലുകൾ നിലവിലുണ്ട്. അവകാശികൾ സമർപ്പിച്ച രേഖകൾ അപൂർണ്ണമായതിനാലാണ് ആനുകൂല്യങ്ങൾ നൽകാൻ തടസ്സം നേരിടുന്നത്. |
| (ഇ) | ആശ്രിത നിയമനം നൽകുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നും നിയമനം എന്നത്തേയ്ക്ക് നൽകുവാൻ കഴിയുമെന്നും വിശദമാക്കാമോ? | (ഇ) | ആശ്രിത നിയമനത്തിനുള്ള അപേക്ഷയിന്മേൽ നടപടി ക്രമങ്ങൾ ഇൻറർവ്യൂവിന് മുമ്പുള്ള ഘട്ടംവരെ പൂർത്തിയായിട്ടുണ്ട്. പ്രൊഫ.സുശീൽഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിക്കൊപ്പം എത്തിക്കുന്നതിനായുള്ള നടപടി സ്വീകരിക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | കോർപ്പറേഷനിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ കോർപ്പറേഷനിൽ ഏത് തരത്തിലുള്ള നിയമനവും പുതുതായി നടത്തുവാൻ സാധിക്കുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**